പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4411** **13.11.2019-ൽ മറുപടിയ്ക്ക്**

**പന്തപ്ര ആദിവാസി കോളനിയിലെ ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം**

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**

**മറുപടി**
**എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പന്തപ്ര ആദിവാസി കോളനിയിലെ അറുപത്തിയേഴ് കുടുംബങ്ങൾക്ക് പുനരധിവാസത്തിന് സ്ഥലം അനുവദിച്ചെങ്കിലും ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇവർക്ക് വീട് നിർമ്മിക്കുവാൻ അനുവദിച്ച പതിനഞ്ച്സെന്റ് സ്ഥലത്തെ തേക്ക് മരങ്ങളും മറ്റ് മരങ്ങളും മുറിച്ച് മാറ്റാത്തത് മൂലം വീട് നിർമ്മാണം സാധ്യമാകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | ഇവർക്ക് വീട് വയ്ക്കുവാനുള്ള ഭാഗത്തെ മരങ്ങൾ മുറിച്ച് നീക്കുന്ന പ്രവൃത്തി എന്നത്തേക്ക് തീരുമെന്ന് അറിയിക്കാമോ; | സി) | ടി കോളനിയിലെ വീട് നിർമ്മിക്കുന്ന സ്ഥലത്ത് നിൽക്കുന്ന തേക്ക്, ഘനമരങ്ങൾ എന്നിവ മുറിക്കുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൃദുമരങ്ങൾ നിൽക്കുന്ന അവസ്ഥയിൽ തന്നെ അടച്ചുമുറി നടത്തുന്നതിനുള്ള വിലനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. വനം വകുപ്പ് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | പന്തപ്ര കോളനിയിലെ കുടുംബങ്ങളുടെ ഭവന നിർമ്മാണം വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | പന്തപ്ര കോളനിയിൽ ഭവന നിർമ്മാണത്തിനായി 67 കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ നിരക്കിൽ ആകെ 4.02 കോടി രൂപ മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**